LIBRARY ARCHIVES Kerala Legislative Assembly

എൽ.ഡി. ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ഒഴിവുകൾ

53 (3560) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തിരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

വനിതാ എക്സൈസ് ഗാർഡുമാരുടെ റാങ്ക് ലിസ്റ്റ്

54 (3561) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ എക്സൈസ് ഗാർഡുമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നിർത്തിവച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് ഇ - 2116, 73618/എക്സ്പെ..എ./2015/ഫിൻ. എന്നീ ഫയലുകളിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഡി) പ്രസ്തുത ഫയലിൽ മേൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നിയമനം എന്നത്തേക്ക് നൽകാൻ കഴിയും എന്നറിയിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള വിമൺ സിവിൽ എക്സൈസ് ഓഫീസർമാരുടെ (വനിതാ എക്സൈസ് ഗാർഡ്) റാങ്ക് ലിസ്റ്റിൽ നിന്നും 14 പേർക്ക് വിവിധ ജില്ലകളിലായി നിയമനം നൽകിയിട്ടുണ്ട്.

(ബി) നിയമനം നിർത്തിവയ്ക്കുവാനുള്ള ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചിട്ടില്ല. ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് നിയമന ശിപാർശയ്ക്കുള്ള അപേക്ഷ പബ്ലിക് സർവ്വീസ് കമ്മീഷന് നൽകിവരുന്നുണ്ട്.

(സി &ഡി) 70 തസ്തിക സൃഷ്ടിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് ബ്രാഞ്ചുമാനേജർ നിയമനം

55 (3563) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലേക്ക് ബ്രാഞ്ച് മാനേജർ തസ്തികകളിൽ കാറ്റഗറി നമ്പർ 433/2009, കാറ്റഗറി നമ്പർ 434/2009 എന്നിവ പ്രകാരം പി.എസ്.സി. വെരിഫിക്കേഷൻ അനുസരിച്ചുള്ള പരീക്ഷയും ഇന്റർവ്യൂവും നടത്തിയത് ഏതെല്ലാം ദിവസങ്ങളിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത് എന്നാണെന്നും അതിൽ നിന്നും ഇതുവരെ എത്ര നിയമനം നടന്നുവെന്നും വ്യക്തമാക്കുമോ ;

(സി) നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; ഒഴിവുകൾ റാങ്ക്‌ലിസ്റ്റിൽ നിന്നും നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ചുമാനേജർ (Cat No.433/2009,434/2009) തസ്തികയുടെ OMR പരീക്ഷ നടന്നത് 29-9-2012 ന് ആണ്. ടി തസ്തികയുടെ ഇന്റർവ്യൂ 8-10-2014, 9-10-2014, 10-10-2014, 15-10-2014, 16-10-2014, 17-10-2014, 23-10-2014, 24-10-2014, 29-10-2014, 30-10-2014 എന്നീ തീയതികളിൽ ആണ് നടന്നത്.

(ബി & സി) ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ചുമാനേജർ തസ്തികയുടെ റാങ്ക് ലിസ്റ്റ് ജില്ലാ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ തസ്തികയിൽ നിന്നും നിയമനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. ടി തസ്തികയുടെ നിയമനവുമായി ബന്ധപ്പെട്ട് ഏതാനും ഉദ്യോഗാർത്ഥികൾ ബഹു.സുപ്രീംകോടതിയിൽ SLP ഫയൽ ചെയ്തതിനെത്തുടർന്ന് 31 ഒഴിവുകൾ മാറ്റിവയ്ക്കാൻ ഇടക്കാല

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly